പതിമൂന്നാം കേരള നിയമസഭ
ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നംപർ - 904 | 30.06.2011 -ലെ മറുപടിക്ക്

## അങ്കമാലി ബൈപ്പാസിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ജോസ് തെറ്റയിൽ | വി.കെ.ഇബ്രാഹിം കുഞ്ഞ് (മരാമത്ത് വകുപ്പ് മന്ത്രി) |
| (എ) എൻ.എച്ച്. 47 ഉം, എം.സി. റോഡും സംഗമിക്കുന്ന അങ്കമാലിയിൽ ഗതാഗതക്കുരുക്കിനാൽ നേരിടുന്ന യാത്രാക്ലേശം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) ഇതിന് പരിഹാരമായി നിർദ്ദേശിക്കപ്പെട്ടിട്ടുള്ളതും മുൻ സർക്കാരിന്റെ കാലത്ത് 1000 കോടി രൂപയുടെ ബൈപ്പാസ് പാക്കേജിൽ ഉൾപ്പെടുത്തിയിട്ടുള്ളതും അലൈൻമെന്റ് പൂർത്തിയാക്കിയതുമായ അങ്കമാലി ബൈപ്പാസിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുമോ ; ഇത് എന്ന് പൂർത്തീകരിക്കുവാൻ കഴിയുമെന്ന് വ്യക്തമാക്കാമോ ? | (ബി) അപ്രകാരം ഒരു ബൈപാസ്സ് പാക്കേജിനെ സംബന്ധിച്ച വിവരം ഒന്നും ഇല്ല ; അങ്കമാലി - ആലുവാ ദേശീയ പാത നിർമ്മാണം N.H.A.I-യുടെ കീഴിലാണ് വരുന്നത്. അവരുടെ സഹായത്തോടെ, സർവ്വീസ് റോഡുകളുടേയും ബസ്ബേകളുടേയും മറ്റും നിർമ്മാണം, വളവുകൾ നിവർത്തൽ എന്നിവ സംബന്ധിച്ച് ചില പ്രവൃത്തികൾ പരിഗണനയിലുണ്ട്. എന്നാൽ ഇതിനായി സ്ഥലം ഏറ്റെടുക്കുന്നതിനുള്ള തുകയും, അനുബന്ധ ചെലവുകളും സംസ്ഥാന സർക്കാർ വഹിക്കേണ്ടി വരും. |

സെക്ഷൻ ഓഫീസർ